I ഇ.ബി. XIV - കേരള നിയമസഭ /XI-10

**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 ജൂൺ 20, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയ നോട്ടീസ്

മി. സ്പീക്കർ: വരാപ്പുഴ ശ്രീജിത്തിന്റെ കസ്റ്റഡി മരണ കേസിൽ നിയമോപദേശം ലഭിച്ചത് സംബന്ധിച്ച് അടിയന്തരപ്രമേയാവതരണത്തിന് നോട്ടീസ് ലഭിച്ചിട്ടുണ്ട്. പൊതുസ്വഭാവമുള്ളതും അടിയന്തര പ്രാധാന്യമുള്ളതുമായ വിഷയങ്ങൾ മാത്രമേ റൂൾ 50 അനുസരിച്ച് അവതരിപ്പിക്കാൻ സാധിക്കുകയുള്ളൂ. പ്രതിപക്ഷത്തിന്റെ ജനാധിപത്യപരമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നിലപാട് സ്വീകരിക്കണമെന്ന വിമർശനം നിരന്തരം

ഉന്നയിക്കുന്നതിന്റെ പശ്ചാത്തലത്തിലും ആവർത്തിച്ച് ആവശ്യപ്പെട്ടുകൊണ്ടും ഈ വിഷയം സബ്മിഷനായി അവതരിപ്പിക്കാവുന്നതാണ്.

## II ശ്രദ്ധക്ഷണിക്കൽ

### (1) സാന്ത്വന ചികിത്സയും വയോജന പരിചരണവും

ശ്രീ. സജി ചെറിയാൻ: തൊഴിലന്വേഷണത്തിന്റെ ഭാഗമായി ചെറുപ്പക്കാർ വിദേശ രാജ്യങ്ങളിലേയ്ക്ക് പോകുമ്പോൾ വൃദ്ധരും രോഗികളുമായ മാതാപിതാക്കൾ പൂർണ്ണമായും അവഗണിക്കപ്പെടുന്ന സാഹചര്യം ഗൗരവമായി കാണേണ്ടതും ഭവനങ്ങളിലെത്തി രോഗീ പരിചരണം എങ്ങനെ നടത്താൻ കഴിയുമെന്നതിനെക്കുറിച്ച് ചർച്ച ചെയ്യപ്പെടേണ്ടതുമാണ്. ഇക്കാര്യത്തിൽ സന്നദ്ധ സംഘടനകളും ത്രിതല പഞ്ചായത്തുകളും നടത്തുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും സന്നദ്ധസംഘടനകളുടെ നിജസ്ഥിതി പരിശോധിച്ച് സർക്കാർ സാമ്പത്തിക സഹായം നൽകുകയും ചെയ്യണം. അനാഥരും നിരാലംബരുമായ രോഗികളെ ഏറ്റെടുത്ത് ശുശ്രൂഷിക്കുന്നതിന് ഒരു ബ്ലോക്ക് കേന്ദ്രത്തിൽ ഒരു ഷെൽട്ടറെങ്കിലും ഉണ്ടാക്കണം. എല്ലാ ഭവനങ്ങളിലും കൃത്യമായി പോകാനുള്ള പാലിയേറ്റീവ് സംവിധാനങ്ങളും ക്രമീകരണങ്ങളും നടത്തുകയും ഫലപ്രദമായ ചർച്ചയിലൂടെ പരിഹാരം കാണുകയും ചെയ്യണം. കണ്ണൂർ ജില്ലയിലേയും ചെങ്ങന്നൂർ മണ്ഡലത്തിലേയും മാതൃകാപരമായി പ്രവർത്തിക്കുന്ന

പെയിൻ ആന്റ് പാലിയേറ്റീവ് സംവിധാനങ്ങൾ ഏകീകരിപ്പിച്ച് മോഡൽ പ്രോജക്ടായി ഏറ്റെടുത്ത് ഒരു പദ്ധതി നടപ്പാക്കേണ്ടതാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സാന്ത്വന പരിചരണ രംഗത്ത് കേരളം രാജ്യത്തിനാകെ മാതൃകയാണ്. പ്രായാധിക്യം, രോഗം, അപകടങ്ങൾ എന്നിവമൂലം ശയ്യാവലംബരായ ജനങ്ങളെയാണ് സാന്ത്വന പരിചരണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മൂന്ന് തലങ്ങളിലായി പ്രവർത്തിക്കുന്ന ഈ പദ്ധതിയിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ദേശീയ ആരോഗ്യ മിഷന്റെയും സഹകരണം ഉറപ്പാക്കിയിട്ടുണ്ട്. ഭവന സന്ദർശനത്തിലൂടെ ശയ്യാവലംബരായ രോഗികൾക്ക് പ്രൈമറി കെയർ നൽകുന്ന പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കിയതിനുപുറമെ ആശുപത്രി കേന്ദ്രീകരിച്ചും പാലിയേറ്റീവ് കെയർ സംവിധാനം നടപ്പിലാക്കുന്നുണ്ട്. ദേശീയ ആരോഗ്യ മിഷന്റെ സഹായത്തോടെ സംസ്ഥാനത്തെ താലൂക്ക്/ജില്ലാ ആശുപത്രികളിൽ സെക്കന്ററി കെയർ സാന്ത്വന പരിചരണം നൽകുന്നതിനാവശ്യമായ ഡോക്ടർമാർ ഉൾപ്പെടെയുള്ളവരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. സെക്കന്ററിതല പാലിയേറ്റീവ് കെയർ സേവനങ്ങൾ സാമൂഹികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് തീരുമാനിക്കുകയും ആവശ്യമായ നിയമനങ്ങൾ നടത്തിവരികയുമാണ്. ടെർഷ്യറി

കെയർ സംവിധാനവുമായി ബന്ധപ്പെട്ട് 15 ട്രെയിനിംഗ് സെന്ററുകൾക്കു പുറമെ കോഴിക്കോട്ടുള്ള ഐ.ഐ.പി.എം., തിരുവനന്തപുരത്തുള്ള ടി.ഐ.പി.എസ്. തുടങ്ങിയ കേന്ദ്രങ്ങൾവഴിയും പരിശീലനം നടന്നുവരുന്നു. സാന്ത്വന പരിചരണ പദ്ധതി പ്രകാരമുള്ള സാമൂഹ്യ സുരക്ഷാ മിഷൻ പ്രവർത്തനങ്ങളുടെ ഏകോപനം ആരോഗ്യ വകുപ്പ് നടത്തുന്നതിനുപുറമെ സാങ്കേതികമായ കാര്യങ്ങളിൽ സന്നദ്ധസംഘടനകളുമായി യോജിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു. നട്ടെല്ലിന് ക്ഷതം ബാധിച്ച് കിടപ്പിലായവരെ ഉൾപ്പെടെ പുനരധിവസിപ്പിക്കുന്നതിനായി പാലിയം ഇന്ത്യയുമായി സഹകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ തിരുവനന്തപുരത്ത് നടത്തുന്നുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ വൃദ്ധ സദനങ്ങളുടെ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് ഏകോപിപ്പിക്കുകയും സായംപ്രഭ ഹോമുകൾ വഴി ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം ഉറപ്പുവരുത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ മിഷന്റെ ഭാഗമായി ആരംഭിച്ച വയോമിത്രം പദ്ധതി ഗ്രാമപ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും ആയുർമിത്രം പദ്ധതി ആരംഭിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. 2018-ൽ കേരളത്തെ സമ്പൂർണ്ണ പാലിയേറ്റീവ് കെയർ സംസ്ഥാനമായി പ്രഖ്യാപിക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള നടപടികളാണ് സ്വീകരിക്കുന്നത്. വിവിധ സംഘടനകളുടെ പ്രവർത്തനങ്ങളെ ഏകീകരിച്ച് പാലിയേറ്റീവ് കെയർ സംവിധാനം മെച്ചപ്പെടുത്തുന്നതിനെക്കുറിച്ച്

ഗവൺമെന്റ് ആലോചിക്കുന്നതാണ്.

(2) <u>വികസന പ്രവർത്തനങ്ങൾ പുനരാരംഭിക്കൽ</u>

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: കോട്ടയം ഡെവലപ്മെന്റ് കോറിഡോർ, കോടിമത രണ്ടാം പാലത്തിന്റെ അപ്രോച്ച് റോഡ്, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ, സ്പോർട്സ് കോംപ്ലക്സ് ഇൻസ്റ്റിറ്റ്യൂട്ട്, രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം, വാട്ടർ ഹബ്ബ് എന്നിവ ഉൾപ്പെടെ കോട്ടയം നിയോജകമണ്ഡലത്തിൽ മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): കോട്ടയം ഡെവലപ്മെന്റ് കോറിഡോറിൽ ഈരയിൽക്കടവ് പാലത്തിന്റെ പണി പൂർത്തീകരിച്ചതിനുപുറമെ എം.സി. റോഡിനെ മണിപ്പുഴയുമായി ബന്ധിപ്പിക്കുന്ന റോഡിന്റെ പണി മൂന്ന് ഘട്ടങ്ങളായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുമുണ്ട്. കോടിമത പാലത്തിന്റെ മൂന്ന് സ്പാനുകളിൽ രണ്ടെണ്ണം പൂർത്തിയായിട്ടുണ്ട്. അവസാന സ്പാൻ നിർമ്മിക്കുന്നതിന് പുറമ്പോക്കിൽ താമസിക്കുന്ന രണ്ട് വിധവകളുടെ കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കേണ്ടതുണ്ട്. നീലിമംഗലം പാലം പൂർത്തീകരിക്കുകയും ടി പാലം രണ്ടുവരി ഗതാഗതത്തിന് യോഗ്യമാണെന്ന പൊതുമരാമത്ത് ചീഫ് എഞ്ചിനീയർ (ഡിസൈൻ ആന്റ് ബ്രിഡ്ജസ്)-ന്റെ റിപ്പോർട്ട്

ലഭിക്കുകയും ചെയ്തിട്ടുണ്ട്. കോട്ടയം മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയത്തിന്റെ ഔദ്യോഗിക ഉത്ഘാടനം നടന്നെങ്കിലും പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട്. ചിങ്ങവനത്ത് സ്പോർട്സ് കോളേജിനുപകരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് സയൻസ് ആന്റ് അപ്ലൈഡ് റിസർച്ച് (കേരള) സ്ഥാപിക്കുന്നതിനായി 5 തസ്തികകൾ സൃഷ്ടിച്ചതിനു പുറമെ സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്. കോട്ടയം ബസ് ടെർമിനലിന്റെ ഗാരേജ് നിർമ്മാണം 95 ശതമാനം പൂർത്തിയായിട്ടുണ്ട്.

## III സബ്മിഷൻ

(1) കേസന്വേഷണം അട്ടിമറിക്കൽ

ശ്രീ. വി. ഡി. സതീശൻ: എറണാകുളം ജില്ലയിലെ വരാപ്പുഴയിൽ പോലീസ് കസ്റ്റഡിയിൽ ക്രൂരമായ മർദ്ദനത്തിന് വിധേയമായ ശ്രീജിത്ത് എന്ന യുവാവ് കൊല്ലപ്പെട്ട സംഭവത്തിൽ അവ്യക്തത നിലനിൽക്കുകയാണ്. ശ്രീജിത്തിനെ അറസ്റ്റ് ചെയ്തതിന്റെയും കസ്റ്റഡി മരണത്തിലേയ്ക്ക് നയിച്ചതിന്റെയും കാരണങ്ങൾ വെളിപ്പെടുത്തുന്നതിനും കേസന്വേഷണം അട്ടിമറിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം. എസ്.പി. ഉൾപ്പെടെയുള്ള പോലീസ് ഉദ്യോഗസ്ഥരുടെ പങ്ക് അന്വേഷിക്കുന്നതിനും യഥാർത്ഥ കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനും കേസന്വേഷണം

ദ്രുതഗതിയിലാക്കുന്നതിനും  അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പ്രസ്തുത സംഭവം സർക്കാർ ഗൗരവമായി കാണുകയും പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസെടുക്കുകയും ചെയ്തിട്ടുണ്ട്. കേസന്വേഷണം വഴിതിരിച്ചുവിടുന്ന നിലപാട് സർക്കാർ സ്വീകരിച്ചിട്ടില്ല. ശ്രീജിത്തിന്റെ കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്ത് ക്രൈം ബ്രാഞ്ച് ഐ.ജി.-യുടെ നേതൃത്വത്തിലുള്ള സ്പെഷ്യൽ ടീം അന്വേഷണം നടത്തിവരികയാണ്. പ്രതികളെന്ന് സംശയിക്കുന്നവരെ അറസ്റ്റ് ചെയ്യുകയും കേസന്വേഷണത്തിൽ വീഴ്ചവരുത്തിയ എറണാകുളം റൂറൽ എസ്.പി.-യെ പ്രത്യേക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റുകയും സർവ്വീസിൽനിന്ന് സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കേസന്വേഷണത്തിലുണ്ടായ വീഴ്ചകൾ സംബന്ധിച്ച് ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനിൽനിന്ന് നിയമോപദേശം തേടിയിട്ടുണ്ട്. കേസന്വേഷണം അട്ടിമറിക്കപ്പെട്ടുവെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. യഥാർത്ഥ പ്രതികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിന് അന്വേഷണ സംഘത്തിന് പൂർണ്ണ അധികാരം നൽകിയിട്ടുണ്ട്. കേസുമായി ബന്ധപ്പെട്ട് ജില്ലാ പോലീസ് മേധാവിയുൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യുകയും വകുപ്പുതല അന്വേഷണം നടന്നുവരികയുമാണ്. മരണപ്പെട്ട ശ്രീജിത്തിന്റെ കുടുംബത്തിന് സഹായം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): പ്രതിസ്ഥാനത്ത് കേരള പോലീസ് നിൽക്കുന്ന കേസിന്റെ നിലവിലുള്ള അന്വേഷണം തൃപ്തികരമല്ലാത്തതിനാൽ സി.ബി.ഐ.-യെക്കൊണ്ട് അന്വേഷിപ്പിക്കണം.

ശ്രീ. പിണറായി വിജയൻ: പോലീസ് പ്രതിസ്ഥാനത്ത് നിൽക്കുന്നുവെന്ന കാരണത്താൽ അന്വേഷണത്തിൽ വീഴ്ചയുണ്ടായിട്ടില്ല. അന്വേഷണത്തിൽ വീഴ്ചയുണ്ടെന്ന് കണ്ടെത്തിയാൽ കോടതിക്ക് ഇടപെടാൻ സാധിക്കും. കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ സർക്കാരിന് ഇടപെടാൻ കഴിയില്ല.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തിയശേഷം യു.ഡി.എഫ്. അംഗങ്ങൾ ഒന്നടങ്കം സഭ വിട്ട് പുറത്തുപോവുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## (2) അവയവങ്ങൾ നീക്കംചെയ്യൽ

ശ്രീ. കെ. ബാബു: തമിഴ്നാട്ടിലെ സേലത്തുവച്ച് മേയ് 18-ാം തീയതിയുണ്ടായ അപകടമരണത്തെക്കുറിച്ചും അവയവങ്ങൾ നീക്കം ചെയ്തതുസംബന്ധിച്ചും അന്വേഷണം നടത്തണം. രണ്ട് വർഷത്തിനുള്ളിൽ തമിഴ്നാട്ടിൽ വച്ച് മലയാളികൾക്കുണ്ടായ വാഹനാപകടങ്ങളെക്കുറിച്ച് സമഗ്രമായി അന്വേഷിക്കാനും മരണപ്പെട്ട പി. മണികണ്ഠന്റെയും എ. മണികണ്ഠന്റെയും കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പാലക്കാട് മീനാക്ഷിപുരം സ്വദേശികൾ സഞ്ചരിച്ചിരുന്ന വാഹനം 18-05-2018-ന് തമിഴ്നാട്ടിലെ സേലത്തിനടുത്തുവച്ച് അപകടത്തിൽപ്പെടുകയും വാഹനത്തിലുണ്ടായിരുന്ന 7 പേരിൽ 3 പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും പീച്ചിമുത്തുവിന്റെ മകനായ മണികണ്ഠൻ 20-05-2018-ന് മരണപ്പെടുകയുമുണ്ടായി. മൃതദേഹം വിട്ടുകിട്ടുന്നതിനും മറ്റുള്ളവരുടെ ചികിത്സാ ചെലവിനുമായി 2,50,000/- രൂപ അടയ്ക്കണമെന്ന് ആശുപത്രി അധികൃതർ ആവശ്യപ്പെട്ടെങ്കിലും പണമില്ലാത്തതിനാൽ മണികണ്ഠന്റെ ആന്തരികാവയവങ്ങൾ നീക്കംചെയ്തശേഷം മൃതദേഹം ബന്ധുക്കൾക്ക് വിട്ടുകൊടുത്തുവെന്നുള്ള പരാതി ലഭിച്ചതിനെത്തുടർന്ന് ഇതുസംബന്ധിച്ച് അന്വേഷണം നടത്തണമെന്നും ഗുരുതരമായി പരിക്കേറ്റവർക്ക് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് 24-05-2018-ന് തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്ത് അയയ്ക്കുകയുണ്ടായി. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്താൻ ഡയറക്ടർ ഓഫ് മെഡിക്കൽ ആന്റ് റൂറൽ ഹെൽത്ത് സർവ്വീസസിനെ ചുമതലപ്പെടുത്തിയെന്നും പരിക്കേറ്റവർക്ക് മികച്ച ചികിത്സ ലഭ്യമാക്കാൻ നിർദ്ദേശം നൽകിയെന്നും തമിഴ്നാട് മുഖ്യമന്ത്രി 26-05-2018-ൽ മറുപടി നൽകുകയുണ്ടായി. പരിക്കേറ്റവർക്ക് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. സംഭവത്തിന്റെ ഗൗരവം കണക്കിലെടുത്ത് തമിഴ്നാട് സർക്കാരുമായി വീണ്ടും ബന്ധപ്പെടുന്നതാണ്. തമിഴ്നാട് സർക്കാർ

ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വാഹനാപകടവുമായി ബന്ധപ്പെട്ട് തമിഴ്നാട്ടിൽ ത്യാഗദുർഗ്ഗാ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(3) മാലിന്യ നിർമ്മാർജ്ജനം

ശ്രീ. ഒ. രാജഗോപാൽ: തിരുവനന്തപുരം തിരുവല്ലം തോടിന്റെ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് നൽകിയ വാഗ്ദാനങ്ങൾ നടപ്പാക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): തിരുവല്ലം തോടിന്റെ നീരൊഴുക്ക് പുന:സ്ഥാപിക്കുന്നതിന് കരമന നദി ശാസ്ത്രീയ പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി 2013-ൽ പമ്പ് ഹൗസും പമ്പും സ്ഥാപിച്ചിട്ടുണ്ട്. തിരുവല്ലം തോട്ടിൽ 25 HP പമ്പുപയോഗിച്ച് ദിവസം മുഴുവൻ പമ്പിംഗ് നടത്തിയാൽ മാത്രമേ നീരൊഴുക്ക് ഒരു പരിധി വരെയെങ്കിലും പുന:സ്ഥാപിക്കാൻ സാധിക്കുകയുള്ളൂ. ഒഴുകി വരുന്ന ഖരമാലിന്യങ്ങൾ ബലിക്കടവിൽ പ്രവേശിക്കാതിരിക്കാൻ കരമന റിവർ സയന്റിഫിക് മാനേജ്മെന്റ് പ്രോജക്ടിൽ ഉൾപ്പെടുത്തി സ്ക്രീനിംഗ് അറേഞ്ച്മെന്റ് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. നാഷണൽ ഹൈവേ അതോറിറ്റി സ്ഥാപിച്ച ബണ്ട് കർക്കിടകവാവിനുമുമ്പ് പൂർണ്ണമായി പൊളിച്ചുമാറ്റിയാൽ മാത്രമേ

നീരൊഴുക്ക് പൂർവ്വസ്ഥിതിയിലാവുകയുള്ളൂ. ഈ വർഷം വാവുബലിക്കുമുമ്പുതന്നെ തോടും ബലിക്കടവും മാലിന്യമുക്തമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(4) പാലക്കാട് കോച്ച് ഫാക്ടറി

ശ്രീ. വി. എസ്. അച്യുതാനന്ദൻ: പാലക്കാട് ജില്ലയിലെ നിർദ്ദിഷ്ട കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറി പദ്ധതി ഉപേക്ഷിക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം പുന:പരിശോധിക്കുന്നതിനും പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനും ആവശ്യമായ ഇടപെടലുണ്ടാകണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): നിർദ്ദിഷ്ട കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറി പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നില്ലെന്ന് കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രി വ്യക്തമാക്കുകയുണ്ടായി. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം ലൈറ്റ് വെയിറ്റ് ബ്രോഡ്ഗേജ് കോച്ചുകളുടെ നിർമ്മാണമാണെന്നും 2008-09-ലെ റെയിൽവേ ബഡ്ജറ്റിൽ നിർദ്ദേശിക്കപ്പെട്ട പദ്ധതിയാണിതെന്നും അതോടൊപ്പമുള്ള ഉത്തർപ്രദേശിലെ റായ്ബറേലിയിലുള്ള കോച്ച് ഫാക്ടറി 2012-ൽ കമ്മിഷൻ ചെയ്തുവെന്നും മുഖ്യമന്ത്രി 14-06-2018-ൽ കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിയെ രേഖാമൂലം അറിയിക്കുകയുണ്ടായി. റെയിൽവേയുടെ ചുമതലയുള്ള മന്ത്രിയും നിർദ്ദിഷ്ട ഫാക്ടറി

പാലക്കാട് തന്നെ സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്തയച്ചിട്ടുണ്ട്. പദ്ധതി ഉപേക്ഷിച്ചതിനെതിരെ സംസ്ഥാനത്ത് പ്രക്ഷോഭം തുടരുന്നതിന്റെ അടിസ്ഥാനത്തിൽ പദ്ധതി ഉപേക്ഷിച്ചിട്ടില്ലെന്നാണ് റെയിൽവേ മന്ത്രി ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്നത്.

(5) കുടിവെള്ള പദ്ധതി

ശ്രീ. അബ്ദുൽ ഹമീദ് പി.: വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ തേഞ്ഞിപ്പാലം, മൂന്നിയൂർ, ചേലമ്പ്ര, പെരിവെള്ളൂർ പഞ്ചായത്തുകളിൽ പുതിയ കുടിവെള്ള പദ്ധതി ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ജലവിതരണ പദ്ധതിയുടെ സ്ഥാപിത ശേഷി 4.50 എം.എൽ.ഡി. ആണെങ്കിലും കാലപ്പഴക്കത്താലും വിവിധ കാരണങ്ങളാലും പരമാവധി മൂന്ന് എം.എൽ.ഡി. ജലം മാത്രമേ വിതരണം ചെയ്യാൻ സാധിക്കുന്നുള്ളൂ. ഇത് അപര്യാപ്തമായതിനാൽ 2050 വരെയുള്ള ജനസംഖ്യാ വർദ്ധനവ് കണക്കിലെടുത്ത് പുതിയ പദ്ധതി കാലാനുസൃതമായി രൂപകൽപ്പന ചെയ്ത് നടപ്പിലാക്കും. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന ദേശീയപാതയുടെ നവീകരണത്തോടൊപ്പം പുതിയ പദ്ധതിയുടെ പൈപ്പ്ലൈനുകൾ

സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കാൻ വാട്ടർ അതോറിറ്റിയുടെ പി.പി.ഡി. വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(6) ഗതാഗതക്കുരുക്ക്

ശ്രീ. പി. ടി. തോമസ്: വൈറ്റില ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): എറണാകുളം നഗരത്തിൽ വൈറ്റില ജംഗ്ഷനിലെ മേൽപ്പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് വലിയ തോതിലുള്ള ഗതാഗതക്കുരുക്കാണ് അനുഭവപ്പെടുന്നത്. പ്രസ്തുത ഭാഗത്തെ റോഡ് അടിയന്തരമായി നവീകരിക്കുന്നതിനും ഇന്റർലോക്കിംഗ് ടൈൽ വിരിച്ച് വാഹന ഗതാഗതം സുഗമമാക്കുന്നതിനും പി.ഡബ്ല്യു.ഡി., നാഷണൽ ഹൈവേ അതോറിറ്റി എന്നീ വകുപ്പുകൾക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. യുദ്ധകാലാടിസ്ഥാനത്തിൽ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് ജില്ലാ ഭരണകൂടം ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(7) കൺസെഷൻ അനുവദിക്കൽ

ശ്രീ. അടൂർ പ്രകാശ്: കൊക്കോത്തോട്, ഊട്ടുപാറ, കുളത്തുമൺ പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. ബസുകളിൽ കൺസെഷൻ അനുവദിക്കുന്നതിനും പത്തനംതിട്ട ഡി.റ്റി.ഒ.യുടെ

നിരുത്തരവാദപരമായ പ്രവർത്തനങ്ങൾ അന്വേഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): കൊക്കോത്തോട്, ഊട്ടുപാറ, കുളത്തുമൽ എന്നീ പ്രദേശങ്ങളിൽ സർവ്വീസ് നടത്തുന്ന എല്ലാ ഓർഡിനറി സർവ്വീസുകളിലും വിദ്യാർത്ഥികൾക്ക് കൺസെഷൻ നൽകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. പെരുമാറ്റച്ചട്ടത്തിനനുസൃതമായി വകുപ്പുദ്യോഗസ്ഥർ ജനപ്രതിനിധികളോട് പെരുമാറണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്തെങ്കിലും അപാകതയുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(8) എം.ബി.ബി.എസ്. ഫീസ്

ശ്രീ. വി. ഡി. സതീശൻ: എം.ബി.ബി.എസ്. ഫീസ് സംബന്ധിച്ച് നിലനിൽക്കുന്ന അനിശ്ചിതത്വം പരിഹരിക്കുന്നതിനും ബാങ്കുകൾ നൽകുന്ന വിദ്യാഭ്യാസ ലോണിന്റെ പരിധി ഏഴര ലക്ഷം രൂപയിൽ നിന്ന് ഇരുപത്തിയഞ്ച് ലക്ഷം രൂപയാക്കി ഉയർത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 2017-18 അദ്ധ്യയന വർഷത്തിൽ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മെഡിക്കൽ വിദ്യാഭ്യാസ പ്രവേശനത്തിന് സമയപരിമിതിമൂലം അഡ്മിഷൻ ആന്റ്

ഫീ റെഗുലേറ്ററി കമ്മിറ്റി താൽക്കാലിക ഫീസായിരുന്ന നിശ്ചയിച്ചിരുന്നത്. 2017-ലെ ആക്ടിലും താൽക്കാലിക ഫീസ് നിശ്ചയിക്കുന്നതിനുള്ള പ്രൊവിഷൻ ഉൾപ്പെടുത്തിയിരുന്നെങ്കിലും വിവിധ മാനേജ്ജമെന്റുകൾ സമിതി നിശ്ചയിച്ച ഫീസ് ഘടനയെയും ആക്ടിലെ വ്യവസ്ഥകളെയും ചോദ്യം ചെയ്തുകൊണ്ട് ഹൈക്കോടതിയെ സമീപിക്കുകയുണ്ടായി. അന്തിമ ഫീസ് നിശ്ചയിക്കണമെന്നുള്ള കോടതി നിർദ്ദേശത്തെത്തുടർന്ന് പരിയാരം മെഡിക്കൽ കോളേജുൾപ്പെടെയുള്ള 22 സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് നിശ്ചയിച്ച് ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഫീസ് ഘടനയ്ക്കെതിരെ വിവിധ മാനേജ്മെന്റുകൾ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസുകളിൽ കോടതി അന്തിമ വിധി പുറപ്പെടുവിച്ചിട്ടില്ല. 02-11-2017-ലെ ഹൈക്കോടതി വിധിയിൽ 2017-ലെ 15-ാം നമ്പർ ആക്ടിലെ ഏതാനും വ്യവസ്ഥകൾ റദ്ദ് ചെയ്തിട്ടുള്ളതിനാലും പ്രവേശനവും ഫീസ് നിയന്ത്രണവും പുനഃപരിശോധിക്കണമെന്ന് ഉത്തരവായിട്ടുള്ളതിനാലും ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. ഭേദഗതിക്കുശേഷമേ ചട്ടങ്ങൾ രൂപീകരിക്കാൻ സാധിക്കുകയുള്ളൂ. വിദ്യാഭ്യാസ വായ്പ 25 ലക്ഷം രൂപ വരെ വർദ്ധിപ്പിക്കണമെന്ന ഓൾ കേരള പ്രൊഫഷണൽ കോളേജ് സ്റ്റുഡന്റ്സ് ആന്റ് പാരന്റ്സ് അസോസിയേഷന്റെ ആവശ്യം ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പുമായി ബന്ധപ്പെട്ട് നടപടി

സ്വീകരിച്ചുവരികയാണ്. 2017-18, 2018-19-ലെ ഫീസിന്റെ കാര്യത്തിൽ അനിശ്ചിതത്വം നിലനിൽക്കുന്നില്ല. അന്തിമ ഫീസ് നിശ്ചയിച്ച സ്ഥിതിക്ക് ബാങ്കുമായി ബന്ധപ്പെട്ട് വായ്പാപരിധി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(9) റെയിൽവേ ഡിവിഷൻ വിഭജിക്കൽ

ശ്രീ. ഐ. ബി. സതീഷ്: നേമം മുതൽ തിരുനെൽവേലി വരെയുള്ള ഭാഗം തിരുവനന്തപുരം റെയിൽവേ ഡിവിഷനിൽനിന്നും മാറ്റാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കം തടയുന്നതിന് ശക്തമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): തിരുവനന്തപുരം-നാഗർകോവിൽ-തിരുനെൽവേലി സ്റ്റേഷനും നാഗർകോവിൽ-കന്യാകുമാരി ഉൾപ്പെടുന്ന സ്റ്റേഷനും ചേർത്തുള്ള 160 കി.മീ. റെയിൽപ്പാത തിരുവനന്തപുരം ഡിവിഷനിൽനിന്ന് വിഭജിച്ച് മധുര ഡിവിഷനിലേയ്ക്ക് ചേർക്കുന്നതിനുള്ള നീക്കം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റെയിൽവേയുടെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും പലപ്പോഴും അവഗണനയും നിഷേധാത്മക നടപടികളുമാണുണ്ടാകുന്നത്. തിരുവനന്തപുരം റെയിൽവേ ഡിവിഷൻ വിഭജനം അവസാനിപ്പിക്കണമെന്നും കേരളത്തിലെ റെയിൽ വികസനത്തിന് സഹായകരമായ രീതിയിൽ തിരുവനന്തപുരം-പാലക്കാട്-കൊങ്കൺ

റെയിൽവേ ഡിവിഷനുകളെ ഉൾപ്പെടുത്തി കേരളത്തിന് പെനിൻസുലാർ സോൺ അനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും അയച്ച കത്തിന് തിരുവനന്തപുരം ഡിവിഷൻ വിഭജിച്ച് മധുര ഡിവിഷനിലേയ്ക്ക് ചേർക്കുന്നത് സംബന്ധിച്ച യാതൊരു നിർദ്ദേശങ്ങളും പരിഗണനയിലില്ലെന്ന് കേന്ദ്ര റെയിൽവേ മന്ത്രി മറുപടി നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിനുള്ള നടപടി തുടർന്നുകൊണ്ടിരിക്കുകയാണ്.

(10) സൗജന്യ പാസ് അനുവദിക്കൽ

ശ്രീ. കെ. രാജൻ: മണ്ണുത്തി-അങ്കമാലി ദേശീയപാതയിലെ കരാർ ലംഘനങ്ങളും അശാസ്ത്രീയ നിർമ്മാണങ്ങളും സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പാലിയേക്കര ടോൾ ബൂത്തിന് 10 കിലോമീറ്റർ ചുറ്റളവിലെ ജനങ്ങൾക്ക് സൗജന്യ വാഹനപാസ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): മണ്ണുത്തി-അങ്കമാലി ദേശീയപാതയിലെ നിർമ്മാണ പ്രവർത്തനങ്ങളും പാലിയേക്കര ടോൾ പിരിവ് സംബന്ധിച്ചും ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ നടപ്പാക്കാൻ കരാർ കമ്പനി തയ്യാറായിട്ടില്ല. 18-06-2018-ൽ ചേർന്ന യോഗത്തിൽ മുൻ യോഗ തീരുമാനങ്ങൾ നടപ്പാക്കണമെന്ന് എൻ.എച്ച്.എ. അധികൃതരോട് ഗവൺമെന്റ്

ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ഉത്തരവുപ്രകാരം ടോൾ പരിഷ്കാരത്തിന്റെ ഭാഗമായി പ്രീ-പെയ്ഡ് ഇലക്ട്രോണിക് കാർഡുകൾ നടപ്പിലാക്കുമ്പോൾ എല്ലാ വിഭാഗം ജനങ്ങളും ഇത് ഉപയോഗിക്കണമെന്നാണ് എൻ.എച്ച്.എ. അറിയിച്ചത്. പാലിയേക്കര ടോൾ ബൂത്തിന്റെ 10 കിലോമീറ്റർ ചുറ്റളവിൽ താമസിക്കുന്ന ജനങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ഇളവുകൾ തുടരുന്നതിന് ഉത്തരവിൽ മാറ്റം വരുത്തണമെന്ന് എൻ.എച്ച്.എ.-യെ അറിയിച്ചിട്ടുണ്ട്. ചാലക്കുടി അണ്ടർപാസ് നിർമ്മാണം രണ്ടാഴ്ചയ്ക്കകം പുനരാരംഭിക്കാനും പുതുക്കാട് മേൽപ്പാലത്തിനുള്ള ഡിസൈൻ വേഗത്തിൽ പൂർത്തിയാക്കി ചെയിഞ്ച് ഇൻ സ്കോപ്പ് ഓഫ് വർക്ക് അനുമതി ലഭ്യമാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന ടോളുകൾ നിർത്തലാക്കണമെന്ന നയത്തിന്റെ അടിസ്ഥാനത്തിൽ കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക കൊടുക്കുന്ന കാര്യം പരിഗണനയിലാണ്. ടോൾ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാന സർക്കാരുകളുമായി ആലോചിക്കാതെ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ഏകപക്ഷീയമായ തീരുമാനങ്ങൾ ചട്ടവിരുദ്ധമാണ്.

### (11) <u>സ്റ്റോപ്പ് അനുവദിക്കൽ</u>

<u>ശ്രീ. സി. മമ്മൂട്ടി</u>: മലപ്പുറം ജില്ലയിലെ തിരൂർ റെയിൽവേ സ്റ്റേഷനിൽ

ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): മലപ്പുറം ജില്ലയിലെ തിരൂർ റെയിൽവേ സ്റ്റേഷനിൽ ഭൂരിഭാഗം ട്രെയിനുകൾക്കും സ്റ്റോപ്പ് അനുവദിക്കാത്തതിനാൽ വിദ്യാർത്ഥികളും രോഗികളും തീർത്ഥാടകരും വളരെ ബുദ്ധിമുട്ടുകയാണ്. ഇതുസംബന്ധിച്ച് കേന്ദ്ര റെയിൽവേ മന്ത്രിക്കും റെയിൽവേ ബോർഡിനും കത്തുകളയച്ചിട്ടുണ്ട്. കൂടാതെ എം.പി.-മാർ മുഖേന കേന്ദ്ര സർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തുന്നതുമാണ്.

## IV മേശപ്പുറത്തുവച്ച കടലാസ്സുകൾ

ചട്ടം 47(2), ചട്ടം 236 (6) എന്നിവ അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## V റിപ്പോർട്ട് സമർപ്പണം

1. സബ്ജക്ട് കമ്മിറ്റി II-ന്റെ 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ടും 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

2. സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

3. സബ്ജക്ട് കമ്മിറ്റി X-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

4. സബ്ജക്ട് കമ്മിറ്റി XII-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

## VI ക്രമപ്രശ്നം

### സ്പീക്കറുടെയും നിയമസഭാ സെക്രട്ടേറിയറ്റിന്റെയും സ്വതന്ത്രാധികാരം കവർന്നെടുക്കൽ

ശ്രീ. വി. ഡി. സതീശൻ: ബഹുമാനപ്പെട്ട സ്പീക്കറുടെയും നിയമസഭാ സെക്രട്ടേറിയറ്റിന്റെയും അധികാരങ്ങൾ കവർന്നെടുക്കാൻ ധനകാര്യ വകുപ്പ്

ശ്രമിക്കുകയാണ്. നിയമസഭാ സെക്രട്ടേറിയറ്റിന്റെ സ്വതന്ത്രമായ അധികാരങ്ങൾ സംബന്ധിച്ച് ഭരണഘടനയിലും ശക്ധർ ആന്റ് കൗളിലും വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 1996-ൽ മറ്റൊരു ക്രമപ്രശ്നം സഭയിൽ ഉന്നയിക്കപ്പെട്ടപ്പോൾ ധനകാര്യ വകുപ്പ് ഇറക്കിയ ഉത്തരവ് പിൻവലിക്കാമെന്ന് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി സമ്മതിക്കുകയും സഭയോട് മാപ്പ് ചോദിക്കുകയും ചെയ്തിട്ടുണ്ട്. ധനകാര്യ വകുപ്പിലെ ഉദ്യോഗസ്ഥർ നിയമസഭാ സെക്രട്ടേറിയറ്റിന്റെ ഭരണഘടനാപരമായ അധികാരത്തിലും ബഹുമാനപ്പെട്ട സ്പീക്കറുടെ സ്വതന്ത്രമായ അധികാരത്തിലും ഇടപെടുന്ന സാഹചര്യമാണുള്ളത്. അങ്ങനെയെടുത്തിരിക്കുന്ന തീരുമാനങ്ങൾ ധനകാര്യ വകുപ്പ് പിൻവലിക്കുകയും മേലിൽ ഇത്തരം കാര്യങ്ങൾ ആവർത്തിക്കില്ലെന്ന് ധനകാര്യ വകുപ്പുമന്ത്രി സഭയ്ക്ക് ഉറപ്പുനൽകുകയും വേണം. ഇക്കാര്യത്തിൽ ചെയറിന്റെ റൂളിംഗും അനന്തര നടപടികളുമുണ്ടാകണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>) : ക്രമപ്രശ്നത്തിൽ ഉന്നയിച്ചതുപോലുള്ള ആശയക്കുഴപ്പങ്ങളോ തർക്കങ്ങളോ നിലവിലില്ല. 1973-ലെ നിയമസഭാ സെക്രട്ടേറിയറ്റ് (റിക്രൂട്ട്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) റൂൾസ് ആണ് നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാരുടെ റിക്രൂട്ട്മെന്റിനും സേവന വേതന വ്യവസ്ഥകൾക്കും ബാധകമായിട്ടുള്ളത്. നിയമസഭാ സെക്രട്ടേറിയറ്റിലെയും അഡ്മിനിസ്ട്രേറ്റീവ്

സെക്രട്ടേറിയറ്റിലെയും തത്തുല്യമായ തസ്തികകൾക്ക് സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ തസ്തികകൾക്ക് ബാധകമായ ശമ്പളവും അലവൻസുകളുമാണ് ലഭിക്കുന്നത്. നിയമസഭാ സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർക്ക് തുല്യരായ ഉദ്യോഗസ്ഥർ അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ ഇല്ലാത്തപക്ഷം അവരുടെ ശമ്പളവും മറ്റ് അലവൻസുകളും മുഖ്യമന്ത്രിയുമായി കൂടിയാലോചിച്ച് ബഹുമാനപ്പെട്ട സ്പീക്കറാണ് തീരുമാനിക്കേണ്ടത്. ഇത്തരത്തിൽ സ്പീക്കർ മുഖ്യമന്ത്രിയുമായി കൂടിയാലോചിച്ചെടുക്കുന്ന തീരുമാനങ്ങൾ ധനകാര്യ വകുപ്പിന് സ്വീകാര്യമായിരിക്കും. ഇതുസംബന്ധിച്ച ആശയക്കുഴപ്പങ്ങളിൽ മുഖ്യമന്ത്രിതന്നെ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്.

<u>മി. സ്പീക്കർ</u> : ചട്ടം 303 പ്രകാരം ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ചത് ഗൗരവമായ വിഷയമാണ്. ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള അവ്യക്തതകൾ നിലനിൽക്കുന്നുണ്ടെങ്കിൽ ചെയർ മുൻകയ്യെടുത്ത് പരിഹരിക്കുന്നതാണ്. ധനകാര്യ വകുപ്പുമന്ത്രി ഗവൺമെന്റിന്റെ വാദം ഇവിടെ ഉന്നയിക്കുകയുണ്ടായി. ഈ വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഇപ്പോൾ റൂളിംഗ് നൽകുന്നില്ല. കാര്യങ്ങൾ വിശദമായി പരിശോധിച്ച് പിന്നീട് വ്യക്തമായ റൂളിംഗ് നൽകുന്നതാണ്.

# VII നിയമനിർമ്മാണകാര്യം

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

### (i) 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

**തടസ്സവാദം**

ബില്ലിലെ അപാകത സംബന്ധിച്ച്

ശ്രീ. കെ. എം. മാണി: പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നവർ നോമിനേഷനോടൊപ്പം സ്വത്ത് വിവരങ്ങൾ വരണാധികാരിക്ക് നൽകണമെന്ന് നിയമമുണ്ട്. 59-ാം വകുപ്പനുസരിച്ച് ഒരംഗം സ്ഥാനമേറ്റെടുത്ത തീയതി മുതൽ 15

ദിവസത്തിനകം അയാളുടെ സ്വത്ത് വിവരങ്ങൾ കോംപീറ്റന്റ് അതോറിറ്റിക്ക് സമർപ്പിക്കേണ്ടതുണ്ട്. പ്രസ്തുത വകുപ്പിലെ 4-ാം ഉപവകുപ്പ് അനുസരിച്ച് അപ്രകാരമുള്ള സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടില്ലാത്തപക്ഷം 35-ാം വകുപ്പ് പ്രകാരം പഞ്ചായത്ത് അംഗമായി തുടരുന്നതിന് അർഹതയില്ല. നിലവിലെ അംഗങ്ങൾ 13-02-2017-ന് മുമ്പ് സ്റ്റേറ്റ്മെന്റ് നൽകേണ്ടതായിരുന്നു. പ്രസ്തുത തീയതിക്കുശേഷം ഇവരെല്ലാം 35-ാം വകുപ്പ് അനുസരിച്ച് അയോഗ്യരായിക്കഴിഞ്ഞു. സമയം ദീർഘിപ്പിച്ചുകൊണ്ട് ഓർഡിനൻസ് ഇറക്കിയത് 26-04-2018-ലാണ്. അയോഗ്യരായ ഇവർ 13-02-2017 മുതൽ 26-04-2018 വരെ പഞ്ചായത്ത് അംഗമായി തുടർന്നത് സാധൂകരിക്കുന്ന വ്യവസ്ഥ ഓർഡിനൻസിലോ ബില്ലിലോ ഇല്ല. അതുകൊണ്ടുതന്നെ കൃത്യമായി സ്റ്റേറ്റ്മെന്റ് നൽകാതിരുന്നവർക്ക് ഈ ബിൽ അനുസരിച്ച് യാതൊരു പ്രയോജനവും ലഭിക്കില്ല. പൊതുപ്രവർത്തകനായ ഒരാൾക്ക് അയാൾ ചെയ്യേണ്ട കർത്തവ്യത്തിന് ഇത്രയും കാലാവധി നീട്ടിക്കൊടുക്കുന്നത് അനുചിതമാണ്. ഈ ഭേദഗതി കൊണ്ട് സർക്കാർ ഉദ്ദേശിക്കുന്ന യാതൊരു ഫലവും ലഭിക്കില്ല. ഈ ബിൽ പിൻവലിക്കാൻ സർക്കാർ തയ്യാറാകണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സബ്ജക്ട് കമ്മിറ്റി പരിഗണിച്ചതിനുശേഷം ബില്ലിനെ സംബന്ധിച്ച് തടസ്സവാദം

ഉന്നയിക്കുന്നത് ക്രമപ്രകാരമല്ല. ബിൽ അവതരിപ്പിക്കുന്ന സമയത്താണ് തടസ്സവാദം ഉന്നയിക്കേണ്ടിയിരുന്നത്. അതുകൊണ്ട് തടസ്സവാദം നിലനിൽക്കുന്നതല്ല. ബില്ലിന് 12-11-2015 മുതൽ മുൻകാല പ്രാബല്യം നൽകി വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**റൂളിംഗ്**

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം കെ. എം. മാണി ഉന്നയിച്ച തടസ്സവാദം ബില്ലിന്റെ അവതരണ സമയത്താണ് ഉന്നയിക്കേണ്ടിയിരുന്നത്. സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കുശേഷം വന്ന ബില്ലിനുമേൽ സാധാരണഗതിയിൽ തടസ്സവാദം ഉന്നയിക്കുന്നത് ശരിയല്ലെന്ന മന്ത്രിയുടെ വാദം ശരിയാണ്. ഇവിടെ ഉന്നയിക്കപ്പെട്ട തടസ്സവാദം നിയമപരമായി നിലനിൽക്കുന്നതല്ലെന്ന് മന്ത്രി വ്യക്തമാക്കുകയുണ്ടായി. മാത്രമല്ല ബില്ലിന് മുൻകാല പ്രാബല്യം നൽകിയിരിക്കുന്ന സാഹചര്യത്തിൽ നിയമതടസ്സമൊന്നുംതന്നെ കാണുന്നില്ല. ഈ സാഹചര്യത്തിൽ തടസ്സവാദം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: വിയോജിപ്പ് രേഖപ്പെടുത്തുന്നു. പഞ്ചായത്തംഗങ്ങൾക്ക് സ്വത്തുവിവരം വെളിപ്പെടുത്തുന്നതിനുള്ള സാവകാശം മുപ്പതു മാസമാക്കി വർദ്ധിപ്പിക്കുന്നത് ഉചിതമല്ല. എം.എൽ.എ.-മാർക്കും എം.പി.-മാർക്കും ഇല്ലാത്ത നിബന്ധന പഞ്ചായത്തംഗങ്ങൾക്ക് ഏർപ്പെടുത്തുന്നത് വിവേചനപരവും നിയമപരമായി നിലനിൽക്കാത്തതുമാകയാൽ ഈ വ്യവസ്ഥ ഒഴിവാക്കുന്ന കാര്യം

ആലോചിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തുന്ന കാര്യത്തിൽ പ്രായോഗിക നടപടി സ്വീകരിക്കുന്നതിനും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുന്നതിനും സർക്കാർ തയ്യാറാകണം. ഗ്രാമപഞ്ചായത്തുകൾ സംഘടിപ്പിക്കുന്ന പരിപാടികളിൽ മുൻ അംഗങ്ങൾക്ക് അർഹമായ പരിഗണന നൽകണം.

ശ്രീ. പി. ഉബൈദുള്ള: വിയോജിപ്പ് രേഖപ്പെടുത്തുന്നു. നിയമപരമായി നിലനിൽക്കാത്ത ഈ ഭേദഗതി പിൻവലിക്കാൻ സർക്കാർ തയ്യാറാകണം. സ്വത്തുവിവരം സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് ഹാജരാക്കുന്നതിന് പതിനഞ്ച് മാസമുണ്ടായിരുന്നത് മുപ്പത് മാസമാക്കി സംസ്ഥാനത്ത് വർദ്ധിപ്പിക്കുന്നത് അപഹാസ്യമാണ്. അധികാരവികേന്ദ്രീകരണത്തെ അട്ടിമറിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ നോക്കുകുത്തികളാക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. ലൈഫ് പദ്ധതിയിലുള്ള അനിശ്ചിതത്വം ഒഴിവാക്കണം. പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ള അധികാരങ്ങളും ഫണ്ടും തിരിച്ചെടുക്കുന്ന നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. സ്വത്ത് വിവരം സമയബന്ധിതമായി നൽകാത്തത് ഒരിക്കലും നീതീകരിക്കത്തക്കതല്ല.

ശ്രീ. സജി ചെറിയാൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം

നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ നിയമം പ്രാബല്യത്തിൽ വന്ന ഘട്ടം മുതൽ ഇതുവരെയുള്ള തുടർച്ചയായ നടപടിക്രമങ്ങളിൽ വന്നിട്ടുള്ള നേട്ടങ്ങളെയും 20 വർഷക്കാലത്തിനിടയിൽ വിവിധ ഗവൺമെന്റുകൾ ഈ വിഷയത്തിന്മേൽ നടത്തിയിട്ടുള്ള സമീപനങ്ങളെയും നിലപാടുകളെയും കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും കൈക്കൊള്ളുന്ന നടപടി എന്തൊക്കെയാണെന്നുള്ളതിനെയും സംബന്ധിച്ച് വിശകലനം ചെയ്യേണ്ടതാണ്. കേരളത്തിന്റെ ഗ്രാമീണ മേഖലയുടെ വികസനത്തിനുവേണ്ടി സമസ്ത മേഖലകളിലും നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് അധികാരം പൂർണ്ണമായും വികേന്ദ്രീകരിക്കുന്ന നിലപാട് സ്വീകരിച്ചതും 40 ശതമാനം ഫണ്ട് കൃത്യമായി ത്രിതല പഞ്ചായത്തുകൾക്ക് നൽകിയതും എൽ.ഡി.എഫ്. ഗവൺമെന്റാണ്. പഞ്ചായത്തുകൾക്ക് കൊടുത്തുകൊണ്ടിരുന്ന ഫണ്ടുകൾ വെട്ടിക്കുറച്ചും അധികാരം മന്ത്രിമാരിൽ കേന്ദ്രീകരിച്ചും പഞ്ചായത്ത് സംവിധാനങ്ങളെ ദുർബലപ്പെടുത്തിയും ജനകീയാസൂത്രണത്തേയും ഗ്രാമീണ മേഖലയിലെ വികസനത്തേയും തകർക്കുകയാണ് യു.ഡി.എഫ്. ഗവൺമെന്റ് ചെയ്തത്. 1998-ൽ രൂപീകരിച്ച കുടുംബശ്രീ ഇന്ന് കേരളത്തിലെ സ്ത്രീശാക്തീകരണ മേഖലയിലെ പ്രധാനപ്പെട്ട പ്രസ്ഥാനമായി വളർന്നു. ആധുനിക സോഫ്റ്റ്വെയറിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സാധിച്ചതും

ശുചിത്വ മിഷന്റെ പ്രവർത്തനം മെച്ചപ്പെട്ടതും ഗ്രാമീണ റോഡ് വികസന സമിതി രൂപീകരിച്ചതും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഫലപ്രദമായി നടപ്പിലാക്കാൻ സാധിച്ചതും ഗവൺമെന്റിന്റെ എടുത്തു പറയേണ്ട നേട്ടങ്ങളാണ്. സർവ്വേയിലൂടെ 50000 പേർക്ക് വീടുകൾ നൽകാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. ആർദ്രം പദ്ധതി, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിത കേരളം മിഷൻ, ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കൽ തുടങ്ങിയ മാതൃകാപരമായ പ്രവർത്തനങ്ങളുമായാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. രാജ്യത്ത് അധികാര വികേന്ദ്രീകരണം ഫലപ്രദമായി നടപ്പാക്കിയ സംസ്ഥാനം കേരളമാണെന്നുള്ളത് ശ്ലാഘനീയമാണ്. ത്രിതല പഞ്ചായത്തുകളിൽ പ്ലാസ്റ്റിക് സംസ്കരിക്കുന്ന സംവിധാനം സംബന്ധിച്ച് ജനങ്ങളുടെ ഭയപ്പാട് അകറ്റുന്നതിന് നടപടി സ്വീകരിക്കണം. പദ്ധതി തുക സമയബന്ധിതമായി നൽകുന്നതിനും പദ്ധതികൾ വേഗത്തിൽ നടപ്പാക്കുന്നതിനും മെച്ചപ്പെട്ട ക്രമീകരണങ്ങളുണ്ടാകണം. അഴിമതി തടയുന്നതിന് ശക്തമായ നടപടി സ്വീകരിക്കണം. പഞ്ചായത്ത് സെക്രട്ടറിമാരുടെ അധികാര ദുർവിനിയോഗം, പുതിയ തൊഴിൽ മേഖല സൃഷ്ടിക്കൽ, ഉൽപ്പന്നങ്ങളുടെ മാർക്കറ്റിംഗ് സംവിധാനം എന്നിവ പരിശോധനയ്ക്ക് വിധേയമാക്കണം. എഞ്ചിനീയറിംഗ് വിഭാഗം മെച്ചപ്പെടുത്തുന്നതിനും പെർഫോമൻസ് ആഡിറ്റ് വിംഗ് സംയോജിപ്പിക്കുന്നതിനും ജനകീയ ആഡിറ്റിംഗ് ഫലപ്രദമായി സംഘടിപ്പിക്കുന്നതിനും ജീവനക്കാരുടെ

പരിശീലനം കാര്യക്ഷമമാക്കുന്നതിനും നികുതി പിരിവ് പൂർണ്ണതയിലെത്തിക്കുന്നതിനും നടപടി സ്വീകരിക്കണം. പഞ്ചായത്ത് സംവിധാനങ്ങൾ നവകേരള സൃഷ്ടിക്കായി പ്രയോജനപ്പെടുത്തണം. ത്രിതല പഞ്ചായത്തുകളിലെ ജനപ്രതിനിധികളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം.

ശ്രീ. പി. കെ. ബഷീർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ത്രിതല പഞ്ചായത്തിലെ ജനപ്രതിനിധികൾക്ക് സ്വത്തുവിവരം നൽകുന്നതിനുള്ള സമയം നീട്ടിക്കൊടുക്കുന്ന നടപടി ശരിയല്ല. 1993-94 കാലഘട്ടത്തിൽ കേന്ദ്രത്തിൽ കോൺഗ്രസ് സർക്കാരും സംസ്ഥാനത്ത് യു.ഡി.എഫ് സർക്കാരും ഭരണത്തിലുണ്ടായ കാലഘട്ടത്തിലാണ് പഞ്ചായത്ത് രാജ് നിയമം നടപ്പിലാക്കിയത്. കാലാകാലങ്ങളിൽ വന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരുകളാണ് അധികാരവികേന്ദ്രീകരണത്തെ അട്ടിമറിച്ചതും ത്രിതല പഞ്ചായത്തുകൾക്ക് നൽകിയ 29 ഇന അധികാരങ്ങൾ തിരിച്ചെടുത്തതും. വകുപ്പുകളുടെ സംയോജനത്തിലൂടെ കേന്ദ്രത്തിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന ശമ്പളവിഹിതം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നഷ്ടപ്പെടുകയും പി.എം.ജി.എസ്.വൈ., അമൃത് തുടങ്ങിയ കേന്ദ്ര പദ്ധതികളുടെ നടത്തിപ്പിനെ

ദോഷകരമായി ബാധിക്കുകയും ചെയ്യും. ലൈഫ് പദ്ധതിയുടെ മാനദണ്ഡങ്ങളിലുള്ള അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. പഞ്ചായത്ത് മെമ്പർമാർക്ക് യഥാസമയം സ്വത്തുവിവരങ്ങൾ വെളിപ്പെടുത്തുന്നതിനുള്ള അവസരം നഷ്ടപ്പെടുത്തുന്ന ഒരു നിയമമായി ഇത് മാറും.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പഞ്ചായത്ത് മെമ്പർമാർ കൃത്യസമയത്ത് സ്വത്ത് വിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് നൽകിയിട്ടില്ലെന്നു മാത്രമല്ല സ്റ്റേറ്റ്മെന്റുകൾ പലതും നഷ്ടപ്പെട്ടുപോകുകയും ഫയൽ ചെയ്യുന്നത് സംബന്ധിച്ച അവ്യക്തതകൾ നിലനിൽക്കുകയും ചെയ്തിരുന്നു. യഥാസമയം സ്റ്റേറ്റ്മെന്റ് കൊടുത്തിട്ടില്ലെന്ന കാരണത്താൽ മെമ്പർമാരെ അയോഗ്യരായി പ്രഖ്യാപിക്കുന്നത് ഒഴിവാക്കുന്നതിനുവേണ്ടിമാത്രമാണ് സമയപരിധി പതിനഞ്ച് മാസത്തിൽനിന്നും മുപ്പത് മാസമായി ഉയർത്തി ഭേദഗതി കൊണ്ടുവരാൻ നിർബന്ധിതമായത്. അധികാരവികേന്ദ്രീകരണത്തിന്റെയും ജനകീയാസൂത്രണത്തിന്റെയും ഭാഗമായി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. മുൻ പഞ്ചായത്ത്

മെമ്പർമാർക്ക് ക്ഷേമനിധി പെൻഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ കൺവീനറായി രൂപീകരിച്ച ഉപദേശക സമിതിയുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതാണ്. ലൈഫ് പദ്ധതി ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മൂന്ന് ഘട്ടങ്ങളിലായി ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിനും ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും കുടുംബശ്രീ തയ്യാറാക്കിയ ഗുണഭോക്താക്കളുടെ പട്ടികയുമായി ബന്ധപ്പെട്ട അപ്പീലുകൾ പരിഹരിക്കുന്നതിനും രണ്ടുംമൂന്നും ഘട്ട പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണം റെഗുലറൈസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിക്ഷിപ്തമായിരുന്ന അധികാരം ജില്ലാ തലങ്ങൾക്ക് കൈമാറിയ നടപടിയിലൂടെ വികേന്ദ്രീകരണം ശക്തിപ്പെട്ടിരിക്കുകയാണ്. ബാറുകൾക്ക് എൻ.ഒ.സി. നൽകുന്നതുമായി ബന്ധപ്പെട്ട് എക്സൈസ്-പഞ്ചായത്ത് നിയമങ്ങളുടെ വ്യവസ്ഥകളിലെ വൈരുദ്ധ്യം പരിഹരിക്കുന്നതിനും വ്യവസ്ഥ എക്സൈസ് നിയമത്തിന്റെ ഭാഗമാക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

142, 144, 154, 156, 157 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

(ഭേദഗതിയില്ല.)

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

109, 110, 112, 114, 115, 120, 121, 122 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): പ്രമേയത്തെ പിന്താങ്ങുന്നു.

2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

### (ii) 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള

2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): പ്രമേയത്തെ പിന്താങ്ങുന്നു.

## VIII ക്രമപ്രശ്നം

ബില്ലിലെ അപാകത സംബന്ധിച്ച്

ശ്രീ. വി. ഡി. സതീശൻ: ബില്ലിലെ ക്ലോസ് 4, 8 എന്നിവ നിയമപരമായി നിലനിൽക്കുന്നതല്ല. കമ്മീഷണറെ നിയമിക്കാൻ ഗവൺമെന്റിനുള്ള അധികാരം ഔദ്യോഗിക ഭേദഗതിയിലൂടെ ദേവസ്വം ബോർഡിനാണെന്ന് മാറ്റിയിട്ടുണ്ട്. കവനന്റ് 10(ഡി) പ്രകാരം അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ ദേവസ്വം ബോർഡിനായതിനാൽ ഗവൺമെന്റിന് നിയമനം നടത്താൻ അധികാരമില്ല. ദേവസ്വം ബോർഡിലെ ജീവനക്കാർക്ക് സീനിയോറിറ്റിയനുസരിച്ച് കമ്മീഷണറായി നിയമനം നൽകണം. യോഗ്യതയുള്ളവരുടെ അഭാവത്തിൽ അഡീഷണൽ സെക്രട്ടറിയെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാമെന്ന് പറയുന്നതിൽ വ്യക്തത വരുത്തണം. ചീഫ് കമ്മീഷണറായി അഡീഷണൽ സെക്രട്ടറി റാങ്കിലുള്ള ഉദ്യോഗസ്ഥരെയും കമ്മീഷണറായി ജോയിന്റ് സെക്രട്ടറി റാങ്കിലുള്ള ഉദ്യോഗസ്ഥരെയും നിയമിക്കാമെന്ന് പറയുന്നത് ശരിയായ നടപടിയല്ല.

കമ്മീഷണറുടെ പാനൽ സർക്കാർ ഹൈക്കോടതിയിലേയ്ക്ക് അയയ്ക്കുകയും ഹൈക്കോടതി ദേവസ്വം ബോർഡുമായി ആലോചിച്ച് ഒരാളെ സെലക്ട് ചെയ്യുകയുമാണ് ചെയ്തുവരുന്നത്. നിയമനം നടത്താൻ ബോർഡിന് അധികാരമുള്ളപ്പോൾ ഹൈക്കോടതി സെലക്ഷൻ നടത്തുന്നത് ചർച്ച ചെയ്യപ്പെടേണ്ടതാണ്. യോഗ്യതയുള്ള സീനിയർ ഉദ്യോഗസ്ഥനെ കമ്മീഷണറായി നിയമിക്കുന്നതിന് ഹൈക്കോടതിയുടെ അനുമതി ആവശ്യമില്ല; എന്നാൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിന് ഹൈക്കോടതിയുടെ അംഗീകാരം ആവശ്യമാണ്. അതുകൊണ്ട് ഔദ്യോഗിക ഭേദഗതിയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാമെന്നുള്ള ഭാഗം ഒഴിവാക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): ദേവസ്വം ബോർഡുകളിലെ കമ്മീഷണർ നിയമനം കാലങ്ങളായി തുടർന്നുവരുന്നതാണ്. സംസ്ഥാനത്ത് 5 ദേവസ്വം ബോർഡുകളാണുള്ളത്. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 1950 മുതൽ 1994 വരെ ജീവനക്കാരുടെ ഉദ്യോഗക്കയറ്റം വഴിയാണ് കമ്മീഷണറെ നിയമിച്ചിരുന്നത്. TCHRI ആക്ടിൽ കമ്മീഷണർമാരുടെ നിയമനം ജീവനക്കാരുടെ ഉദ്യോഗക്കയറ്റമായി വ്യവസ്ഥ ചെയ്തിട്ടില്ലെന്ന് മാത്രമല്ല നിയമനം സംബന്ധിച്ച സ്പെഷ്യൽ റൂളും നിലവിലില്ല. 1990-ൽ ദേവസ്വം ബോർഡിന്റെ ഭരണത്തെയും

ജീവനക്കാരുടെ പ്രവൃത്തികളെയും സംബന്ധിച്ച് ആക്ഷേപങ്ങളുണ്ടായ സാഹചര്യത്തിൽ ഹൈക്കോടതി സ്വമേധയാ കേസെടുക്കുകയും ദേവസ്വം ഭരണം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു ഹൈ പവർ കമ്മീഷനെ നിയമിക്കുകയും ചെയ്തു. പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ദേവസ്വം കമ്മീഷണർ, ഫിനാൻസ് ഓഫീസർ, വിജിലൻസ് ഓഫീസർ തുടങ്ങിയ ഉയർന്ന തസ്തികകളിൽ 5 വർഷത്തേയ്ക്ക് സർക്കാരിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കണമെന്ന് വിധിയുണ്ടായത്. കമ്മീഷണറായി നിയമിക്കുന്നതിന് 3 പേരെ നിശ്ചയിച്ച് ഗവൺമെന്റ് ഹൈക്കോടതിയെ അറിയിച്ചെങ്കിലും 8 മാസത്തിനുശേഷമാണ് അവസാനത്തെ നിയമനം നടന്നത്. ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടണമെന്ന ലക്ഷ്യമാണ് സർക്കാരിനുള്ളത്. യോഗ്യരായ ഉദ്യോഗസ്ഥർ ബോർഡിലുണ്ടെങ്കിൽ പ്രൊമോഷൻ നൽകാവുന്നതും അല്ലാത്തപക്ഷം സർക്കാർ നിർദ്ദേശിക്കുന്ന ഒരു ഉദ്യോഗസ്ഥനെ ഡെപ്യൂട്ടേഷനിൽ നിയമിക്കാവുന്നതുമാണ്. ഭരണഘടനയുടെ തത്വങ്ങളിൽ നിന്നുകൊണ്ടാണ് നിയമനിർമ്മാണം നടത്തുന്നത്. ഭരണഘടനയുടെയും കവനന്റിന്റെയും പരിധിക്കുള്ളിൽ നിന്നുകൊണ്ടാണ് നിയമം നിർമ്മിക്കുന്നത്. ഗവൺമെന്റ് ദേവസ്വം ഭരണത്തിൽ ഇടപെടുന്നുവെന്ന സംശയവും ദേവസ്വം ജീവനക്കാരുടെ പ്രൊമോഷൻ തസ്തിക നഷ്ടപ്പെട്ടുമെന്നുള്ള ആശങ്കയും

ദൂരീകരിക്കുന്നതിനുവേണ്ടിയാണ് ഔദ്യോഗിക ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ആയതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

**റൂളിംഗ്**

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെതിരെ ഉന്നയിച്ച ക്രമപ്രശ്നങ്ങൾക്ക് മന്ത്രി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും രണ്ട് ഭേദഗതികൾ ഔദ്യോഗികമായി കൊണ്ടുവരുന്നതിന് തീരുമാനിച്ചതിനാലും ഭരണഘടനാ പ്രകാരമോ നിലവിലുള്ള വ്യവസ്ഥ പ്രകാരമോ കോടതിവിധിയുടെ അടിസ്ഥാനത്തിലോ ഉന്നയിച്ച തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല. അപ്രകാരം എന്തെങ്കിലും വ്യവസ്ഥകൾ ഭേദഗതി ചെയ്യേണ്ടതുണ്ടെങ്കിൽ വകുപ്പുതിരിച്ചുള്ള പരിഗണനാ വേളയിൽ അംഗങ്ങൾക്ക് അവസരമുണ്ടായിരിക്കുന്നതാണ്.

ശ്രീ. അടൂർ പ്രകാശ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. 1950-ലെ മാതൃനിയമത്തിൽ പന്ത്രണ്ട് തവണ ഭേദഗതികൾ വരുത്തുകയുണ്ടായി. പതിമൂന്നാമത്തെ ഭേദഗതിയാണ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത്. ട്രാവൻകൂർ-കൊച്ചിൻ ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ടിലെ ചില വകുപ്പുകൾ ഭേദഗതി ചെയ്യുന്നതിനും നിലവിലുള്ള 12-ാം വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കുന്നതിനും

പുതുതായി 13-ാം വകുപ്പ് കൂട്ടിച്ചേർക്കുന്നതിനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. 1950-ലെ മാതൃനിയമത്തിലെ പത്താം വകുപ്പ് പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഓരോ അംഗത്തിനുമുള്ള ഔദ്യോഗിക കാലാവധി മൂന്ന് വർഷമായിരുന്നത് ഭേദഗതിയിലൂടെ രണ്ട് വർഷമാക്കി ചുരുക്കുകയാണ്. പ്രസ്തുത നടപടിയിലൂടെ ഇഷ്ടമില്ലാത്ത വ്യക്തികളെ ഒഴിവാക്കുന്നതിനും താൽപര്യമുള്ളവരെ ഉൾപ്പെടുത്തുന്നതിനുമാണ് ശ്രമിക്കുന്നത്. തിരുവിതാംകൂർ-കൊച്ചിൻ ദേവസ്വം ബോർഡുകളിലെ അംഗങ്ങൾക്കും പ്രസിഡന്റിനും ഓണറേറിയം നിശ്ചയിക്കുന്നതിനുള്ള അധികാരം അതാത് ബോർഡുകൾക്കാണ്. എന്നാൽ പുതിയ ഭേദഗതി പ്രകാരം ആ അധികാരം സർക്കാർ ഏറ്റെടുക്കുകയും ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം വഴി നിശ്ചയിക്കുന്നതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് സർക്കാരിന്റെ താൽപര്യത്തിനനുസരിച്ച് ഓണറേറിയം നൽകാമെന്ന സ്ഥിതിയുണ്ടാക്കും. അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഹിന്ദു സമുദായത്തിൽപ്പെട്ട ഉദ്യോഗസ്ഥനെ കമ്മീഷണറായി നിയമിക്കാവുന്നതാണ്. മാതൃനിയമത്തിൽ നിലവിലുള്ള ചീഫ് കമ്മീഷണർക്ക് പുറമെയാണ് മറ്റൊരു കമ്മീഷണറെക്കൂടി നിയമിക്കുന്നത്. പ്രസ്തുത നിയമനം സർക്കാരിന് അധിക ചെലവുണ്ടാക്കും. നിലവിൽ കമ്മീഷണർമാരുടെ നിയമനത്തിനായി സർക്കാർ ഒരു പാനൽ തയ്യാറാക്കി ഹൈക്കോടതിയിൽ

സമർപ്പിക്കുകയാണ് ചെയ്യുന്നത്. 29-ാം വകുപ്പിന്റെ ഒന്നാം ഉപവകുപ്പ് നിലനിർത്തുകയും രണ്ടാം ഉപവകുപ്പ് മാറ്റുകയും ചെയ്യുന്നതിലൂടെ സർക്കാർ നിയമിക്കുന്ന കമ്മീഷണറുടെ കീഴിൽ ബോർഡിന്റെ മേൽനോട്ടവും നിയന്ത്രണവും വരുന്ന സ്ഥിതിയുണ്ടാകും. സർക്കാർ കൊണ്ടുവന്ന എല്ലാ ഭേദഗതികളും പിൻവലിക്കാൻ നടപടി സ്വീകരിക്കണം. കേരളത്തിലെ അഞ്ച് ദേവസ്വം ബോർഡുകളെയും സംയോജിപ്പിച്ച് കേരള ദേവസ്വം ബോർഡ് എന്ന ഒറ്റ ബോർഡിന്റെ കീഴിലാക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. ദേവസ്വം ബോർഡുകളിലെ പ്രസിഡന്റിന്റെയും അംഗങ്ങളുടെയും ഓണറേറിയം മുൻകാല പ്രാബല്യത്തോടെ വർദ്ധിപ്പിക്കുന്നതിനും അവർക്ക് പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുമുള്ള സർക്കാർ തീരുമാനം പുന:പരിശോധിക്കേണ്ടതാണ്. മാനദണ്ഡങ്ങൾ പാലിക്കാതെ ഇഷ്ടക്കാർക്ക് സ്ഥാനക്കയറ്റം നൽകി നിയമനം നടത്തുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. അന്യാധീനപ്പെട്ടുപോകുന്ന ദേവസ്വം ഭൂമി ഏറ്റെടുക്കുന്നതിനും ദേവസ്വം ബോർഡിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് സുതാര്യമാക്കണമെന്ന ഹൈക്കോടതി വിധി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം. ഈ ബിൽ പിൻവലിക്കാൻ തയ്യാറാകണം.

<u>ശ്രീ. എം. ഉമ്മർ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. തിരുവിതാംകൂർ-കൊച്ചിൻ

ദേവസ്വം ബോർഡുകളിലെ അംഗങ്ങൾക്കും പ്രസിഡന്റിനും ഓണറേറിയം നിശ്ചയിക്കുന്നതിനുവേണ്ടി മാത്രമായി ഒരു നിയമനിർമ്മാണം ആവശ്യമുണ്ടോ എന്ന കാര്യം സർക്കാർ ആലോചിക്കണം. ബോർഡുകൾക്ക് പരമാധികാരം കൊടുത്തുകൊണ്ടുള്ള കവനന്റിലെ വ്യവസ്ഥകളെ നിസ്സാരവൽക്കരിക്കരുത്. തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ നിധിശേഖരങ്ങളുടെ കാലപ്പഴക്കം, മൂല്യം എന്നിവ നിർണ്ണയിച്ച് സൂക്ഷിക്കാനുള്ള നടപടിയുണ്ടാകണം. ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ അമൂല്യ നിധിശേഖരം ക്ഷേത്രത്തോടനുബന്ധിച്ച് ഒരു മ്യൂസിയത്തിൽ സൂക്ഷിച്ച് പ്രദർശിപ്പിക്കാനാവശ്യമായ നടപടിയുണ്ടാകണം. മലബാർ ദേവസ്വം ബോർഡിലെ ക്ഷേത്ര ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും അപ്പെക്സ് ബോഡിയായി കേരള ദേവസ്വം ബോർഡ് രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കണം. ക്ഷേത്രഭരണം പിടിച്ചെടുക്കാതെ ക്ഷേത്രങ്ങളെ സംരക്ഷിക്കുന്ന നിലയിലുള്ള ഒരു ബിൽ കൊണ്ടുവരാൻ സർക്കാർ തയ്യാറാകണം.

<u>ശ്രീ. വി. ജോയി</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ക്ഷേത്രഭരണം പൂർണ്ണമായും സംരക്ഷിക്കുന്ന നിലപാടാണ്

സർക്കാർ സ്വീകരിക്കുന്നത്. 2007-ൽ ഇടതുമുന്നണി സർക്കാർ വരുത്തിയ ഭേദഗതികൾക്ക് കടകവിരുദ്ധമായി ബോർഡിൽ വനിതാ അംഗത്തെ നാമനിർദ്ദേശം ചെയ്യുന്ന വ്യവസ്ഥ ഒഴിവാക്കുകയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം അവസാനിപ്പിക്കുകയും ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്ക് പി.എസ്.സി. വഴിയുള്ള നിയമനം ഒഴിവാക്കുകയും ചെയ്യുന്ന ജനാധിപത്യ വിരുദ്ധമായ നിലപാടാണ് മുൻ യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചത്. ബോർഡിന്റെ കാലാവധി രണ്ടു വർഷമാക്കി കുറയ്ക്കുന്നതിലൂടെ അഴിമതി അവസാനിപ്പിക്കാൻ സാധിക്കും. കമ്മീഷണർമാരുടെ നിയമനവുമായി ബന്ധപ്പെട്ട പ്രശ്നം പരിശോധനാ വിധേയമാക്കണം. കേരള സമൂഹത്തിനാകെ അഭിമാനിക്കാൻ കഴിയുന്ന ഈ ഭേദഗതി ബിൽ ഭാവി പ്രവർത്തനങ്ങൾക്ക് കൂടുതൽ ഗുണകരമാകുമെന്ന കാര്യത്തിൽ സംശയമില്ല.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകളിൽ അഴിമതിരഹിതവും സുതാര്യവും കാര്യക്ഷമവുമായ ഭരണം ഉറപ്പാക്കുന്നതിനാണ് ബില്ലിലൂടെ ഉദ്ദേശിക്കുന്നത്. ദേവസ്വം നിയമനങ്ങളിൽ മുന്നോക്ക സമുദായങ്ങളിലെ

പാവപ്പെട്ടവർക്ക് പത്ത് ശതമാനം സംവരണം ഏർപ്പെടുത്താനുള്ള സർക്കാർ തീരുമാനം സ്വാഗതാർഹമാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ ദളിതർ ഉൾപ്പെടെ 36 അബ്രാഹ്മണരെ ശാന്തിക്കാരായി നിയമിക്കുന്നതിനും പിന്നോക്ക ദളിത് വിഭാഗങ്ങൾക്ക് 32% സംവരണമേർപ്പെടുത്തുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്. അന്യാധീനപ്പെട്ട ക്ഷേത്രഭൂമി തിരിച്ചുപിടിക്കുന്നതിനായി ഒരു ദേവസ്വം ട്രൈബ്യൂണൽ രൂപീകരിക്കുന്നതിനുള്ള കരട് ബിൽ തയ്യാറാക്കുന്ന നടപടി വേഗത്തിലാക്കാനും കാലാനുസൃതമായി ബില്ലിൽ മാറ്റങ്ങൾ നിർദ്ദേശിക്കുന്നതിനായി ഒരു കമ്മീഷനെ നിയമിക്കാനും നടപടി സ്വീകരിക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): നിക്ഷിപ്തതാല്പര്യങ്ങളുടെ പേരിൽ മൂന്ന് വർഷമാക്കി ഉയർത്തിയ ദേവസ്വം ബോർഡ് അംഗങ്ങളുടെ കാലാവധി മുമ്പുണ്ടായിരുന്നതുപോലെ രണ്ടു വർഷമായി ചുരുക്കിയത് ഉചിതമായ തീരുമാനമാണ്. ദേവസ്വം ബോർഡ് പ്രസിഡന്റിന്റെയും അംഗങ്ങളുടെയും നിലവിലുള്ള ഓണറേറിയം താഴെത്തട്ടിലുള്ള ജീവനക്കാരുടെ വേതനത്തെക്കാളും കുറവായതിനാലാണ് വർദ്ധനവ് വരുത്തിയിട്ടുള്ളത്. നിയമനങ്ങൾ നടത്തുന്നതിലുള്ള കാലതാമസം ഒഴിവാക്കാനാണ് ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. കവനന്റിലെ എല്ലാ വ്യവസ്ഥകൾക്കും

ഭരണഘടന നിലവിൽ വന്നതിനുശേഷം പ്രാബല്യമുണ്ടാകില്ല എന്ന് സുപ്രീം കോടതി വിധിയുണ്ടായിട്ടുണ്ട്. പുതുതായി എ.ഒ.മാരെ നിയമിച്ചതായുള്ള പത്രവാർത്ത ശരിയല്ല, അത് ഇന്റേണൽ ട്രാൻസ്ഫർ മാത്രമാണ്. അതിൽ പിന്നാക്ക വിഭാഗക്കാരെ ഉൾപ്പെടുത്തിയില്ല എന്ന ആക്ഷേപത്തെ തുടർന്ന് ട്രാൻസ്ഫർ നോംസിൽ മാറ്റം വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ശാന്തി നിയമനത്തിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാരുൾപ്പെടെയുള്ള പിന്നാക്കവിഭാഗങ്ങൾക്ക് നിശ്ചിത ശതമാനം നീക്കിവയ്ക്കാൻ സാധിച്ചത് അഭിമാനാർഹമാണ്. അധികാരപരിധി നിശ്ചയിച്ച് സംസ്ഥാന വ്യാപകമായി ലാന്റ് ട്രൈബ്യൂണൽ രൂപീകരിക്കുന്നതിനുള്ള കരട് ബിൽ നിയമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്ക വിഭാഗങ്ങൾക്ക് പത്ത് ശതമാനം സംവരണം ഏർപ്പെടുത്താനുള്ള സർക്കാർ തീരുമാനത്തിൽ മാറ്റമില്ല. സുപ്രീംകോടതിയുടെയും രാജകുടുംബത്തിന്റെയും സഹകരണത്തോടുകൂടി ശ്രീപത്മനാഭ സ്വാമിക്ഷേത്രത്തിലെ അമൂല്യ നിധിശേഖരം പ്രദർശിപ്പിക്കുന്നതിന് സാർവ്വദേശീയതലത്തിൽ ശ്രദ്ധേയമായ ഒരു മ്യൂസിയം ക്ഷേത്രത്തിന് സമീപം സ്ഥാപിക്കാൻ കഴിയുമോയെന്ന് പരിശോധിച്ചുവരികയാണ്. മലബാർ ദേവസ്വം ക്ഷേത്ര ജീവനക്കാർക്ക് കൃത്യമായി ശമ്പളം കൊടുക്കുന്നതിന് സഹായകരമായ ഭേദഗതി നിയമം അവതരിപ്പിക്കുന്നതാണ്. ശബരിമല ക്ഷേത്രത്തിന് ഇടത്താവളങ്ങൾ

നിർമ്മിക്കുന്നതും വിശ്വാസികളുടെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നതുമാണ്. ക്ഷേത്രങ്ങളെ ഉപയോഗപ്പെടുത്തി ചില മതസംഘടനകൾ നടത്തുന്ന പ്രവർത്തനങ്ങൾക്കെതിരെ യോജിച്ച നിലപാട് സ്വീകരിക്കേണ്ടതാണ്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയതു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## 2-ാം വകുപ്പ്

122, 124 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 3-ാം വകുപ്പ്

127, 128, 129, 130, 131, 132, 134, 135, 136, 140, 141 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 4-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

190. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിലെ 13 A വകുപ്പിനുശേഷം ചേർക്കാൻ ഉദ്ദേശിക്കുന്ന 13 B വകുപ്പ് താഴെ പറയും പ്രകാരം മാറ്റുക.

" 13 B Appointment of Devaswom Commissioner.- The Board shall appoint an officer not below the rank of a Deputy Commissioner who is eligible to be promoted as Devaswom Commissioner, and in the absence of such officer, an officer not below the rank of an Additional Secretary to Government on deputation as Devaswom Commissioner."

145, 147, 148, 151, 154, 156, 157, 158 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>5-ാം വകുപ്പ്</u>

161-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>6-ാം വകുപ്പ്</u>

166-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>7-ാം വകുപ്പ്</u>

171, 172, 173, 175, 177, 178 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

191. ഖണ്ഡം 8 താഴെ പറയും പ്രകാരം മാറ്റുക.

" 8. Substitution of new section for section 74A.- For section 74A of the principal Act, the following section shall be substituted, namely:-

" 74A. Appointment of Devaswom Commissioner.- The Board shall appoint an officer not below the rank of a Deputy Commissioner who is eligible to be promoted as Devaswom Commissioner, and in the absence of such officer, an officer not below the rank of a Joint Secretary to Government on deputation as Devaswom Commissioner."

180, 181, 186, 189 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പ്

(ഭേദഗതിയില്ല.)

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

107, 108, 110, 111, 115, 116 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): 2018-ലെ തിരുവിതാകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): പ്രവർത്തന സ്വാതന്ത്ര്യത്തിനും പദ്ധതികൾ നടപ്പാക്കാനുള്ള സാവകാശത്തിനുമായി കഴിഞ്ഞ

ഗവൺമെന്റിന്റെ കാലത്ത് ദേവസ്വം ബോർഡുകളുടെ കാലാവധി മൂന്നുവർഷമാക്കിയതാണ് ഇപ്പോൾ രണ്ട് വർഷമായി കുറച്ചിരിക്കുന്നത്. ബോർഡ് പ്രസിഡന്റിന്റെയും മെമ്പർമാരുടെയും ഓണറേറിയം വർദ്ധിപ്പിക്കുന്നതിൽ എതിർപ്പില്ല, അത് കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്. കമ്മീഷണറെ നിയമിക്കാനുള്ള ബോർഡിന്റെ അധികാരം ഗവൺമെന്റ് ഏറ്റെടുത്തതിനെതിരെയാണ് ജീവനക്കാരും പൊതുസമൂഹവും ശക്തമായ അഭിപ്രായവ്യത്യാസങ്ങൾ ഉന്നയിക്കുന്നത്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഘടനയും പ്രവർത്തന സ്വാതന്ത്ര്യവും കവനന്റിന്റെ അടിസ്ഥാനത്തിൽ രൂപപ്പെട്ടിട്ടുള്ളതാണ്. അത് ഭരണഘടനയുടെ ആർട്ടിക്കിൾ 363-ൽ വരുന്നതാണ്. ദേവസ്വം ബോർഡുകളുടെ നിയന്ത്രണം ഗവൺമെന്റ് ഏറ്റെടുത്താൽ അവയുടെ സ്വയംഭരണാധികാരം നഷ്ടപ്പെടും. ആ അഭിപ്രായം മാനിച്ചുകൊണ്ട് ഗവൺമെന്റ് ഔദ്യോഗിക ഭേദഗതി കൊണ്ടുവന്നതിനെ സ്വാഗതം ചെയ്യുന്നു. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിയമനം പൂർണ്ണമായും സംവരണതത്വങ്ങൾ മാനിച്ചാണ് കൊണ്ടുവന്നത്. റിട്ടയർ ചെയ്ത ഉദ്യോഗസ്ഥരെ ദേവസ്വം ബോർഡിൽ നിയമിക്കുന്ന നടപടിയോട് യോജിക്കുന്നില്ല. ഒഫിഷ്യൽ അമെന്റമെന്റ് വന്നതോടുകൂടി ദേവസ്വം ബോർഡിന്റെ ഓട്ടോണമി നിലനിർത്താൻ സഹായിക്കും.

2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## (iii) 2018-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. രാജൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ പുത്തൻ കാൽവയ്പ് ഉണ്ടാക്കാനുള്ള പരിശ്രമമാണ് സർക്കാർ നടത്തുന്നത്. യൂണിവേഴ്സിറ്റികൾക്കും കോളേജുകൾക്കും സാമ്പത്തികാനുകൂല്യം അനുവദിക്കാൻ ചുമതലപ്പെട്ട റൂസയുടെ

നടത്തിപ്പുമായി ബന്ധപ്പെട്ട് കേന്ദ്ര മാനവ വികസന മന്ത്രാലയത്തിന്റെ മാർഗ്ഗ നിർദ്ദേശങ്ങളിൽ ചിലത് നടപ്പിലാക്കാനാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. കൗൺസിലിന്റെ പുനർ ഏകീകരണവും പ്രവർത്തനവും പരിശോധിക്കുന്നതിനുവേണ്ടി നിയമിച്ച ഏകാംഗ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾക്കനുസരിച്ചാണ് പുതിയ ഭേദഗതി ബിൽ. 2007-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ബിൽ ജനാധിപത്യപരമാണെങ്കിലും കുറേക്കൂടി ജനാധിപത്യവത്കരിക്കാൻ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾക്ക് കരുത്ത് പകരുകയാണ് ഈ ബിൽ. ഉന്നത വിദ്യാഭ്യാസ രംഗം ഗൗരവമായ പ്രശ്നങ്ങൾ നേരിടുന്ന സാഹചര്യത്തിലാണ് പുതിയ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവത്കരണവും ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗൗരവതരമായ ഇടപെടലുമാണ് ഈ ബില്ലിലൂടെ ഉദ്ദേശിക്കുന്നത്. കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല, എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, ആർട്സ് ആന്റ് സയൻസ് കോളേജുകൾ, പൈതൃക കോളേജുകൾ എന്നിവയുടെ അടിസ്ഥാന വികസനത്തിന് തുക വകയിരുത്തിയത് ശ്ലാഘനീയമാണ്. ആക്ടിന്റെ പ്രിയാമ്പിളിൽ 'സ്റ്റുഡന്റ്' എന്ന വാക്ക് കൂട്ടിച്ചേർത്തതും ഭേദഗതിയിലൂടെ ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള പ്രോഗ്രാമുകൾക്ക് രൂപം നൽകാൻ അധികാരം നൽകിയതും

ശ്രദ്ധേയമാണ്. വിദ്യാഭ്യാസ മേഖലയിൽ പ്രൈമറി തലം മുതൽ ആരംഭിക്കുന്ന പരിഷ്കാരം ഉന്നത വിദ്യാഭ്യാസ മേഖലയുടെ വിശാലമായ ശ്രേണിയിലേയ്ക്ക് കൊണ്ടുവരുന്നതിന് ഈ ബിൽ അനിവാര്യമാണ്.

ശ്രീ. കെ. മുരളീധരനുവേണ്ടി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഉന്നത വിദ്യാഭ്യാസ കൗൺസിലിലെ വിദ്യാർത്ഥി പ്രാതിനിധ്യത്തെ സ്വാഗതം ചെയ്യുന്നു. സമഗ്രമായ വിദ്യാഭ്യാസ നയം ആവിഷ്കരിക്കുകയും ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം കുറയുന്നത് സംബന്ധിച്ച് പരിശോധിക്കുകയും വേണം. ശാസ്ത്ര-സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും വിദ്യാർത്ഥികളുടെ എഫിഷ്യൻസി വർദ്ധിപ്പിക്കുന്നതിനും മുൻഗണന നൽകുന്ന സമഗ്രമായ നിയമനിർമ്മാണമാണ് ഈ രംഗത്ത് നടപ്പിലാക്കേണ്ടത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): ഉന്നത വിദ്യാഭ്യാസ രംഗം മെച്ചപ്പെടുത്തുന്നതിന് സമഗ്രമായ നിയമനിർമ്മാണം നടത്തുന്നതാണ്. 110 എയ്ഡഡ് കോളേജുകൾക്ക് രണ്ട് കോടി രൂപ വീതം സഹായം ലഭ്യമാക്കുകയും RUSA-യിൽ നിന്നുള്ള ധനസഹായം കാര്യക്ഷമമായി പ്രയോജനപ്പെടുത്തുകയും

യൂണിവേഴ്സിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. യൂണിവേഴ്സിറ്റികളുടെയും അക്കാഡമിക് കമ്മിറ്റികളുടെയും പ്രശ്നങ്ങൾ പരിഹരിക്കുകയും സർവ്വകലാശാലകളിൽ വിദ്യാർത്ഥികളുടെ ആശയവികസനത്തിനുതകുന്ന അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുകയാണ് ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ലക്ഷ്യം. അദ്ധ്യാപകരുടെയും അദ്ധ്യാപകേതര ജീവനക്കാരുടെയും വിദ്യാർത്ഥികളുടെയും പ്രാതിനിധ്യം ഉന്നത വിദ്യാഭ്യാസ കൗൺസിലിൽ ഉറപ്പാക്കിയിട്ടുണ്ട്. സർവ്വകലാശാലകളിൽ വിദൂര വിദ്യാഭ്യാസ പഠനം പുനഃസ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## 2-ാം വകുപ്പ്

112, 113, 114, 115 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

112. In the Preamble of the principal Act, after the word "experts" insert the word and symbol "teachers," .

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

(ഭേദഗതി ക്രമപ്രകാരമല്ല.)

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>4-ാം വകുപ്പ്</u>

117, 119, 120, 121, 122 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

134. In Section 4(2)(za) proposed to be inserted in the principal Act by Clause 5(ii), for the word "relevant" the words "scientifically proven" shall be substituted.

124, 125, 126, 127, 128, 129, 130, 131, 133, 135, 137, 138, 139, 141, 142, 143, 144, 145, 146, 148, 149, 150, 151, 152, 153, 154, 155, 156, 157, 158, 159, 160, 161, 162, 164, 165, 166, 167 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

129. In section 4(1)(a) proposed to be substituted in the principal Act by clause 5(i), for the words "academic quality" substitute the words "excellence in higher education".

145. In Section 4(2)(zc) proposed to be inserted in the principal Act by clause 5(ii), after the words " RUSA and" add the word "other".

154. In section 4(2)(ze) proposed to be inserted in the principal Act by clause 5(ii), after the word "conducted" the words "or

co-ordinated" shall be inserted.

160. In section 4(2)(zf) proposed to be inserted in the principal Act by clause 5(ii), for the word "on" substitute the word "of".

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ സ്വീകരിച്ചു.

142. Section 4(2)(zb) proposed to be inserted in the principal Act by Clause 5(ii), shall be recast as follows:

"(zb) evolve programmes to improve access to higher education for differently abled students;"

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>6-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

The words "higher educational institutions" may be substituted as "higher education institutions" .

168, 169, 171, 172, 173 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>7-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

The words "higher educational institutions" may be substituted as "higher education institutions" .

175, 176, 177, 178 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>8-ാം വകുപ്പ്</u>

180, 181, 182 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

180. In clause 8, the words " from time to time by the Vice-Chairman" shall be substituted with the words " by the Vice-Chairman from time to time" .

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>9-ാം വകുപ്പ്</u>

183, 184, 185, 186 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

184. In clause 9, the words " from time to time by the Vice-Chairman" shall be substituted with the words " by the Vice-

Chairman from time to time" .

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>10-ാം വകുപ്പ്</u>

188, 189 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>11-ാം വകുപ്പ്</u>

194, 195, 196, 197, 198, 200, 201, 202, 203, 207 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 12-ാം വകുപ്പ്

209, 211, 212, 213, 214, 215, 216, 217, 218 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 13-ാം വകുപ്പ്

221, 223, 225 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 14-ാം വകുപ്പ്

228-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>15-ാം വകുപ്പ്</u>

234-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>16-ാം വകുപ്പ്</u>

235, 236 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

235. In section 25(1) proposed to be inserted in the principal Act by clause 16 after the words " the University Grants Commission" the word and symbol " ,RUSA" shall be inserted.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

236-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>17-ാം വകുപ്പ്</u>

238-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>18-ാം വകുപ്പ്</u>

(ഭേദഗതിയില്ല)

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

107, 109, 110 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): 2018-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സംസ്ഥാനത്തെ യൂണിവേഴ്സിറ്റികൾക്ക് RUSA-യിൽനിന്ന് ധനസഹായം ലഭിക്കുന്നതിനായി അവരുടെ ഗൈഡ്‌ലൈൻസ് പ്രകാരം ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നോമൻക്ലേച്ചറിൽ ഭേദഗതി വരുത്താനാണ് ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. അതുകൊണ്ട് ഈ ബില്ലിനെ അനുകൂലിക്കുകയാണ്.

2018-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

**അറിയിപ്പ്**

ഫീച്ചർ ഫിലിം പ്രദർശനം

മി. സ്പീക്കർ: ഇന്ന് വൈകുന്നേരം 6.00 മണിക്ക് തിരുവനന്തപുരം 'ഏരീസ് പ്ലക്സ്' തിയേറ്ററിൽ പ്രകൃതി-പരിസ്ഥിതി വിഷയങ്ങളെ അടിസ്ഥാനമാക്കി നിർമ്മിച്ച

'അരക്കിറുക്കൻ' എന്ന ഫീച്ചർ ഫിലിമിന്റെ പ്രത്യേക പ്രദർശനം ഉണ്ടായിരിക്കുന്നതാണ്.

സഭ വൈകുന്നേരം 5.06-ന് പിരിഞ്ഞു.